നം.കെ.എസ്.എ.പി.റ്റി.എ.പി8/84/2019 തീയതി: 08/02/2019

# പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 2018 ഓഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ ഗ്രാമപ്പഞ്ചായത്തിന്റെയും, ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഫയലുകളും രജിസ്റ്ററുകളും പൂർണ്ണമായും നശിച്ചുപോയിട്ടുള്ളതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർമാർ (പി.എച്ച്.സി, ഐ.എസ്.എം., ഹോമിയോ) എന്നിവരുടെ ഫയലുകളും, കൂടാതെ തൊഴിലുറപ്പു പദ്ധതി, മഴക്കാലപൂർവ്വ ശുചീകരണത്തിനായുള്ള ഫണ്ട് വിനിയോഗം എന്നിവ സംബന്ധിച്ച രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ളത്. രസീതു ബുക്കുകളും സാംഖ്യ രസീതുകളും നഷ്ടപ്പെട്ടതിനാൽ 30.08.2018വരെയുള്ള രസീതു പരിശോധന സാദ്ധ്യമായില്ല. 31.08.2018 മുതൽ 15.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. പ്രളയത്തിൽ നശിച്ചുപോയതിനാൽ പരിശോധിക്കാൻ സാധിക്കാതിരുന്ന രേഖകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഗ്രാമപ്പഞ്ചായത്തിലെ തൻവർഷത്തെ മുഴുവൻ രജിസ്റ്ററുകളും ഫയലുകളും അനുബന്ധ രേഖകളും (വിവിധ വരവിനങ്ങൾ, തനതുഫണ്ട്, ബി ഫണ്ട് വൌച്ചറുകൾ, രസീതുകൾ എന്നിവ ഉൾപ്പെടെ).
2. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനിയർ, വി.ഇ.ഒ., ഐ.സി.ഡി.എസ്.സൂപ്പർവൈസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6

എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2019 മുതൽ 25.01.2019 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ<br><br>ശ്രീ മഹേഷ് കുമാർ കെ.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br><br>ശ്രീ അനിൽകുമാർ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ശ്രീസുനിൽകുമാർ യു.എസ്., ഓഡിറ്റർ |

## <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എൽസി ക്രിസ്റ്റഫർ | 01.04.2017-31.03.2018 |
| ചെയർമാൻ, ധനകാര്യ<br><br>സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.സി.വി.ഗോപാലകൃഷ്ണൻ നായർ | 01.04.2017-31.03.2018 |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ലതാ ചന്ദ്രൻ | 01.04.2017-31.30.2018 |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ | ശ്രീമതി അജിതകുമാരി എൻ.കെ. | 01.04.2017-31.03.2018 |

| | | |
|---|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി | | |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.ബിജു.ജെ.ജോർജ്ജ് | 01.04.2017-31.03.2018 |
| സെക്രട്ടറി | ശ്രീമതി ആർ. വത്സല | 01.04.2017മുതൽ 05.06.2017 FNവരെ (ചാർജ്ജ്) |
| | ശ്രീ.കെ.എൻ.രാധാകൃഷ്ണൻ നായർ | 05.06.2017 ANമുതൽ 31.03.2018വരെ |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

## ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം:**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

**സൂചിക**


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം 1: പൊതു അവലോകനം** | |
| 1. | ബജറ്റ് | 1-1 |
| 2. | പ്രളയത്തിൽ ഗ്രാമപ്പഞ്ചായത്ത് ഓഫീസിലെ രേഖകൾ പൂർണ്ണമായും നശിച്ചു | 1-2(എ) |
| 3. | വാർഷിക ധനകാര്യപത്രിക | 1-2(ബി) |
| 4. | ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-3 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം | |
| 5. | സാമ്പത്തിക വിശകലനം | 1-4 |
| 6. | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 7. | പദ്ധതി അവലോകനം | 1-6 |
| 8. | തനത് വരുമാനം | 1-7 |
| 9. | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 10. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 11. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 12. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 13. | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 14. | ഓഡിറ്റ്റിപ്പോർട്ടുകളിന്മേൽ നിയമാനുസൃതമായ തുടർനടപടി സ്വീകരിക്കുന്നില്ല | 1-13 |
| | **ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 15. | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 2-1 |

| | **ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
|---|---|---|
| 16. | നെൽക്കൃഷിവികസനം - നിർവ്വഹണത്തിലെ അപാകതകൾ | 3-1 |
| 17. | നെൽക്കൃഷിക്ക് കൂലിച്ചെലവ് - തുകയുടെ കൈപ്പറ്റുരേഖകൾ പൂർണ്ണമല്ല | 3-2 |
| 18. | വെള്ളക്കരം കുടിശ്ശിക- തെറ്റായ കണക്കുകൾ തുടരുന്നത് ഫണ്ട് നഷ്ടത്തിന് ഇടയാക്കുന്നു | 3-3 |
| 19. | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-4 |
| 20. | അഗതിരഹിതകേരളം - അന്തിമ ഗുണഭോക്തൃ പട്ടിക നാളിതുവരെ തയ്യാറാക്കിയിട്ടില്ല | 3-5 |
| 21. | നിർവ്വഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിൽ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല | 3-6 |
| 22. | ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കിയില്ല | 3-7 |

| | | |
|---|---|---|
| 23. | പാലിന് സബ്സിഡി - സബ്സിഡിത്തുക ക്ഷീരസംഘങ്ങൾക്ക് നൽകി | 3-8 |
| 24. | തൊഴിലുറപ്പു പദ്ധതിയിൽ കിണർ റീചാർജ്ജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല | 3-9 |
| **ഭാഗം 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 25. | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26. | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 28. | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 29. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30. | ഓഡിറ്റ് റിക്കവറി | 4-6 |
| 31. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 32. | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 33. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

# ഭാഗം -1

# പൊതു അവലോകനം

പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി | 24.03.2017ലെ (1)1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | 27.03.2018 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 1680896 | 4563120 | -2882224 |
| വരവ് | 76274200 | 49647724 | 26626476 |
| ആകെ | 77955096 | 54210844 | 23744252 |
| ചെലവ് | 76546700 | 49343927 | 27202773 |

| | | | |
|---|---|---|---|
| നീക്കിയിരിപ്പ് | 1408396 | 4866917 | -3458521 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, ചെലവും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളെയും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പു പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 (ബി) പ്രളയത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ രേഖകൾ പൂർണ്ണമായും നശിച്ചു

2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽപ്പെട്ട് നശിച്ചുപോയ രേഖകളുടെ വിശദാംശം ലഭ്യമാക്കണമെന്ന് അറിയിച്ച് 16.01.2019-ൽ 5-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് മറുപടിയായി, ചുവടെ പറയുന്ന രേഖകൾ പ്രളയത്തിൽപ്പെട്ട് പൂർണ്ണമായും നശിച്ചുപോയതായി സെക്രട്ടറി അറിയിക്കുകയുണ്ടായി. (വിശദാംശങ്ങൾ അനുബന്ധമായി റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.)

1. ഗ്രാമപ്പഞ്ചായത്ത് ഓഫീസിലെ മുഴുവൻ രജിസ്റ്ററുകളും ഫയലുകളും അനുബന്ധരേഖകളും.

   (തൻവർഷത്തെ വിവിധ വരവിനങ്ങൾ, തനതുഫണ്ട്, ബി-ഫണ്ട് വൗച്ചറുകൾ, രസീതുകൾ എന്നിവ ഉൾപ്പെടെ)

2. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും

ഇക്കാരണത്താൽ പ്രസ്തുത രേഖകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായില്ല. ഓഡിറ്റിന് വിധേയമാക്കിയ രേഖകളുടെ വിശദാംശം ഈ റിപ്പോർട്ടിലെ ആമുഖത്തിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

## 1-2 (എ) വാർഷിക ധനകാര്യപത്രിക

| **സാമ്പത്തിക വർഷം** | **ഓഡിറ്റിൽ ലഭിക്കേണ്ട തീയതി** | **ലഭിച്ച തീയതി** |
|---|---|---|
| 2017-18 | 31.07.2018 | 31.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതിന്റെ വിവരം |
|---|---|
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.8.876/2018 തീയതി 12.07.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ്

അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 4563120 |
| വരവ് | 49647724 |
| ആകെ | 54210844 |
| ചെലവ് | 49343927 |
| നീക്കിബാക്കി | 4866917 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9660113 | 9660113 | 7879654 | 1780459 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2836267 | 2836267 | 2831376 | 4891 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 45981 | 45981 | 17365 | 28616 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 0 | 5621651 | 5621651 | 2457340 | 3164311 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9401314 | 9401314 | 6969968 | 2431346 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2782738 | 2782738 | 2435124 | 347614 |

| | | | | | |
|---|---|---|---|---|---|
| ലോകബാങ്ക് ധനസഹായം | 0 | 2072907 | 2072907 | 2046269 | 26638 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 6954 | 10413586 | 10420540 | 10410856 | 9684 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 193 | 132 | 2 | 59 | 63.31 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 20 | 3554643 | 2451056 | 69 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 1974000 | 1448211 | 73 |
| കൃഷി ഓഫീസർ | 4 | 4 | 3307500 | 3306875 | 100 |
| വെറ്റിനറി സർജൻ | 6 | 6 | 1152000 | 539500 | 47 |
| വി.ഇ.ഒ. | 12 | 11 | 4508598 | 3915573 | 87 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 125 | 68 | 31628627 | 12966450 | 41 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 2896000 | 2886634 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 581000 | 579938 | 100 |
| മെഡിക്കൽ ഓഫീസർ (ഐ.എസ്.എം.) | 1 | 1 | 300000 | 300000 | 100 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| **ആകെ** | **192** | **131** | **50502368** | **28994237** | **57** |

## <u>പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ</u>

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
2. ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.
3. വനിതാ ഘടക പദ്ധതി അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ പല പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല.

4. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., എന്നീ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

## 1-7 തനത് വരുമാനം

| **ഇനം** | **മുൻവർഷം** | **തൻവർഷം** | **വ്യത്യാസം** | **% (+)/(-)** |
|---|---|---|---|---|
| നികുതി വരവുകൾ | 4734077 | 5226134 | 492057 | 10.39 |
| നികുതിയേതര വരവുകൾ | 212902 | 394126 | 181224 | 85.12 |
| മറ്റ് വരവുകൾ | 104708 | 236412 | 131704 | 125.78 |
| ആകെ | 5051687 | 5856672 | 804985 | 15.93 |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| **ക്രമ നം.** | **പദ്ധതി** | **2017-18 ൽ അനുവദിച്ചത്** | **നിരസിച്ചവ** |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 3 | 0 |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 |
| 3 | വികലാംഗ പെൻഷൻ | 15 | 0 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള | 0 | 0 |

| | | | |
|---|---|---|---|
| | പെൻഷൻ | | |
| 5 | വാർദ്ധക്യകാല പെൻഷൻ | 77 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2019 3.00 PM-ന് സ്ഥാപനത്തിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 31558 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

**പൊതുനിയന്ത്രണം:** ഗ്രാമപഞ്ചായത്തിലെ എല്ലാ രജിസ്റ്ററുകളും ഫയലുകളും അനുബന്ധ രേഖകളും പ്രളയത്തിൽ നഷ്ടപ്പെട്ടതിനാൽ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച പരിശോധന സാദ്ധ്യമായില്ല.

**അക്കൗണ്ടിംഗ് സംവിധാനം:** സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സംവിധാനം തൃപ്തികരമാണ്.

**ആസ്തി സംരക്ഷണം:** ഡിജിറ്റലൈസ് ചെയ്ത ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട്പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|

| | | നടത്തിയ തീയതി | | |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 13.11.2018 | 07/2018 to 10/2018 | 04.12.2018 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.2014 | 2008-09 to 2012-13 | 24.04.2014 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ I1- വസ്തുനികുതി, ലൈബ്രറി സെസ്സ് ഇനങ്ങളിൽ തൻവർഷത്തേതും മുൻവർഷത്തെ കുടിശ്ശികയും ഉൾപ്പെടെയുള്ള ആകെ കളക്ഷൻ ഇനത്തിൽ സാംഖ്യയും സഞ്ചയ സോഫ്റ്റ് വെയറും പ്രകാരമുള്ള കണക്കുകൾ തമ്മിൽ 3,09,900രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-13 ഓഡിറ്റ്റിപ്പോർട്ടുകളിന്മേൽ നിയമാനുസൃതമായ തുടർനടപടി സ്വീകരിക്കുന്നില്ല

മുൻ സാമ്പത്തിക വർഷങ്ങലിലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൽമേൽ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

*തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കിയില്ല (ഓഡിറ്റ് റിപ്പോർട്ട് - 2016-17.ഖണ്ഡിക നം.3-9)*

തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2016-17ൽ 657200/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 61 മീറ്ററുകൾ സ്ഥാപിക്കുന്നതിനാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബി-യുടെ അയിരൂർ സെക്ഷനിൽ 54 മീറ്ററുകൾക്കായി 572400/- രൂപയും, ആറന്മുള സെക്ഷനിൽ 6 മീറ്ററുകൾക്കായി 63600/- രൂപയും, കുമ്പനാട്

സെക്ഷനിൽ 1 മീറ്ററിനായി 21200/- രൂപയുമാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ ചിറയിറമ്പ് ഭാഗത്തെ മീറ്ററുകൾ ഇപ്പോഴും സ്ഥാപിക്കപ്പെട്ടിട്ടില്ല.

1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 14 (3) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനുള്ളിൽ പഞ്ചായത്തിന്റെ പ്രത്യേക യോഗം ചേർന്ന് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിലെ പ്രസക്ത പരാമർശങ്ങളിൽമേൽ വ്യക്തമായ തീരുമാനമെടുക്കേണ്ടതുമാണ്. ചട്ടം 15(1) പ്രകാരം റിപ്പോർട്ടിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനം പെർഫോർമെൻസ് ഓഡിറ്റർക്ക് നൽകേണ്ടതും, അദ്ദേഹം പഞ്ചായത്ത് കൈക്കൊള്ളേണ്ട നടപടികളെ പറ്റി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും മേൽ നടപടികൾ നിരീക്ഷിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് റിപ്പോർട്ടിൻമേൽ ചട്ടപ്രകാരമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോടും പെർഫോർമെൻസ് ഓഡിറ്റ് വിഭാഗത്തോടും ശുപാർശ ചെയ്യുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

**A) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം വരുമാന നഷ്ടം.**

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ 100ചതുരശ്രമീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പരും ഉപയോഗ ക്രമവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | മാത്യു ജോജി ഏബ്രഹാം<br>തേക്കുംമൂട്ടിൽ,<br>കുറിയന്നൂർ പി ഒ | 1/105A,<br>വാണിജ്യം | 91.67 | 55 | 60<br>(വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, ഷോപ്പുകൾ) |
| | | 1/105B<br>വാണിജ്യം | 9.8 | | |
| ആകെ വിസ്തീർണ്ണം | | | 101.47 | | |
| 2 | ശ്രീജിത്ത് ജി കൃഷ്ണൻ, | 1/147A | 137 | 60 | 90 |

| | | | | | |
|---|---|---|---|---|---|
| | കൃഷ്ണ ഭവൻ,പുല്ലാട്. | | | | (വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ) |
| | | 1/147B | 154.6 | | |
| ആകെ വിസ്തീർണ്ണം | | | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ291.6 | | |
| 3 | റ്റി.വി.തോമസ് തേലപ്പുറത്ത് വലിയപറമ്പിൽ, മാരാമൺ. | 7/59I | 70.73 | 55 | 60 (വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,ഷോപ്പുകൾ) |
| | | 7/59H | 22.52 | | |
| | | 7/59K | 48.98 | | |
| | | 7/59J | 21.77 | | |
| | | 7/59F | 22.52 | | |
| | | 7/59G | 22.52 | | |
| ആകെ വിസ്തീർണ്ണം | | | 209.04 | | |
| 4 | സോമദാസ് റ്റി സി, സൌപർണ്ണിക, പ്രക്കാനം, മാരാമൺ പി ഒ | 8/91A,<br>8/91B | 194.91<br>194.91 | 60 | 90 (വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ) |
| ആകെ വിസ്തീർണ്ണം | | | 389.82 | | |
| 5 | ജയിംസ് വർഗ്ഗീസ്,സമ്മർ ബ്രീസ്സീസൺസ്, 6A, കവടിയാർ പി ഓ, തിരുവനന്തപുരം | 8/274A<br>8/274B | 403.55<br>404.89 | 60 | 90 (”) |

| | | | | | |
|---|---|---|---|---|---|
| ആകെ വിസ്തീർണ്ണം | | | 808.44 | | |
| 6 | സെക്രട്ടറി,പള്ളിയോട സേവാസമിതി, തോട്ടപ്പുഴശ്ശേരി, തോട്ടപ്പുഴശ്ശേരി,മാരാമൺ പി ഒ. | 9/59C<br>9/59D<br>9/59E<br>9/59F<br>9/59G | 42.9<br>20.62<br>20<br>20<br>20 | 55 | 60<br>(വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,ഷോപ്പുകൾ) |
| ആകെ വിസ്തീർണ്ണം | | | 123.52 | | |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**B)**

താഴെ പറയുന്ന കെട്ടിടങ്ങൾ മൈക്രോ,സ്മോൾ & മീഡിയം എന്റർപ്രൈസസ് ഡവലപ്പ്മെന്റ് ആക്റ്റ്, 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ കെട്ടിടങ്ങളുടെ ഇനത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതായി സഞ്ചയ രജിസ്റ്റർ പ്രകാരം കണ്ടിട്ടുണ്ട്. ഈ കെട്ടിടത്തിൽ എന്തു തരം ചെറുകിട വ്യവസായമാണ് നടത്തിവരുന്നതെന്നും MSME രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളോ പകർപ്പുകളോ ഉടമസ്ഥനിൽ നിന്നും വാങ്ങി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

| **ഉടമസ്ഥന്റെ പേരും വിലാസവും** | **കെട്ടിട നമ്പരും ഉപയോഗക്രമവും** | **തറ വിസ്തീർണ്ണം (ച.മീ)** |
|---|---|---|
| കെ.എം.മാത്യു<br>കുഴുവോംമണ്ണിൽ,കോളഭാഗം, | 1/328B | 1163.54 |
| | 1/328E | 51 |

| | | |
|---|---|---|
| കോളഭാഗം പി ഒ | 1/328F | 121 |
| | 1/328G | 74.49 |
| | 1/328H | 201.6 |
| സജു എബി മാത്യു,<br>കുഴുവോംമണ്ണിൽ,കോളഭാഗം,<br>കോളഭാഗം പി ഒ | 1/328C | 96.49 |
| | 1/328D | 130.19 |

**C)**

ആരാധനാലയങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി താഴെ പറയുന്ന വ്യക്തികളുടെ കെട്ടിടങ്ങൾക്കു പൂർണ്ണ നികുതിയിളവ് അനുവദിച്ചിട്ടുണ്ട്.

| **ഉടമസ്ഥന്റെ പേരും വിലാസവും** | **കെട്ടിട നമ്പരും ഉപയോഗക്രമവും** | **തറ വിസ്തീർണ്ണം (ച.മീ)** |
|---|---|---|
| സ്റ്റീഫൻ ഏബ്രഹാം ചാക്കോ<br>ഈശോ,താന്നിയ്ക്കപുറത്ത്, കുറിയന്നൂർ, കുറിയന്നൂർ പി ഒ | 5/18B,<br>ആരാധനാലയം | 280.71M2 |
| എം കെ കരുണാകരൻ, മാരാമൺ പി ഒ | 8/26 | 122 |
| പ്രസിഡന്റ്(വൈ എം സി എ, മാരാമൺ<br>പി ഒ, 689549) | 8/167 | 200 |
| വി എസ് വർഗ്ഗീസ് (വടക്കേറ്റത്തു | 9/360B | 190.32 |

| | | |
|---|---|---|
| വീട്,മാരാമൺ പി ഒ, 689549) | | |

പ്രസ്തുത കെട്ടിടങ്ങൾ ആരാധനാലയങ്ങളായി ഉപയോഗിക്കുന്നവയാണോ എന്നത് സംബന്ധിച്ച് സെക്രട്ടറി പരിശോധന നടത്തി വ്യക്തത വരുത്തേണ്ടതും സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**D)**

ഓമന ശാമുവൽ/T.A ശാമുവൽ, തോട്ടത്തിൽ, മാരാമൺ പി ഒ,689549 എന്ന വ്യക്തികളുടെ പേരിൽ നെടുപ്രയാർ വാർഡിൽ ധാരാളം പാർപ്പിടാവശ്യത്തിലുള്ള കെട്ടിടങ്ങൾ വാണിജ്യ വിഭാഗ കെട്ടിടങ്ങളോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടങ്ങൾ നിലവിൽ വാണിജ്യ വിഭാഗത്തിലാണോ അതോ ലോഡ്ജ് എന്ന വിഭാഗത്തിലാണോ പ്രവർത്തിക്കുന്നതെന്ന് സെക്രട്ടറി പരിശോധിച്ച് ഓഡിറ്റിനു റിപ്പോർട്ടു ചെയ്യേണ്ടതാണ്. അപ്രകാരമെങ്കിൽ നികുതി പുനർനിർണ്ണയിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) |
|---|---|
| 7/158 | 49 |
| 7/161 | 148 |
| 7/169A | 148 |
| 7/170B | 39 |
| 7/170C | 39 |
| 7/170 | 49 |
| 7/170F | 39 |
| 7/170A | 89 |
| 7/170G | 49 |
| 7/170D | 46 |
| 7/170E | 39 |

| | |
|---|---|
| 7/171 | 49 |

**E)**

ചുവടെ പറയുന്ന വ്യക്തികളുടെ പേരിൽ ധാരാളം കെട്ടിടങ്ങൾ പാർപ്പിടം എന്ന വിനിയോഗത്തിൽ ഉൾപ്പെടുത്തിയതായി കണ്ടു. ടി കെട്ടിടങ്ങൾ നിലവിൽ വാണിജ്യ വിഭാഗത്തിലാണോ അതോ ലോഡ്ജ് എന്ന വിഭാഗത്തിലാണോ പ്രവർത്തിക്കുന്നതെന്ന് സെക്രട്ടറി പരിശോധിച്ച് ഓഡിറ്റിനു റിപ്പോർട്ടു ചെയ്യേണ്ടതാണ്. അപ്രകാരമെങ്കിൽ നികുതി പുനർനിർണ്ണയിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| **ഉടമസ്ഥന്റെ പേരും വിലാസവും** | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) |
|---|---|---|
| ശ്രീ. കെ. എൻ. മോഹൻലാൽ, നടുവത്ത് വീട്, നെല്ലിക്കാല, കോഴഞ്ചേരി കോളേജ് പി ഒ | 7/172 | 185 |
| | 7/173 | 100 |
| | 7/174 | 80 |
| | 7/175 | 80 |
| | 7/176 | 80 |
| | 7/177 | 80 |
| | 7/178 | 80 |
| | 7/179 | 80 |
| | 7/180 | 80 |

| | | |
|---|---|---|
| ജോർജ് വർഗ്ഗീസ്/ മറിയാമ്മ വർഗ്ഗീസ്, തോവേലിൽ, നെടുംപ്രയാർ, മാരാമൺ പി ഒ | 7/246 | 18 |
| | 7/247 | 18 |
| | 7/250 | 18 |
| | 7/251 | 18 |
| | 7/255 | 20 |
| | 7/256 | 120 |
| | 7/257 | 18 |

**F)**

ജയിംസ് വർഗ്ഗീസ്(സമ്മർ ബ്രീസ് സീസൺസ്, 6A, കവടിയാർ പി ഓ, തിരുവനന്തപുരം എന്ന വ്യക്തിയുടെ പേരിൽ താഴെ കെട്ടിടങ്ങൾ പാർപ്പിടം എന്ന വിനിയോഗത്തിൽ ഉൾപ്പെടുത്തിയതായി കണ്ടു. ടി കെട്ടിടങ്ങൾ നിലവിൽ വാണിജ്യ വിഭാഗത്തിലാണോ അതോ ലോഡ്ജ് എന്ന വിഭാഗത്തിലാണോ പ്രവർത്തിക്കുന്നതെന്ന് സെക്രട്ടറി പരിശോധിച്ച് ഓഡിറ്റിനു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) |
|---|---|
| 8/274C | 129 |
| 8/274 | 129 |
| 8/274 | 85 |
| 8/274 | 65.57 |
| 8/274 | 25.84 |

മേൽസൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ കണ്ട അപാകതകൾക്കു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/2018; തീയതി: 23.01.2019) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ സെക്രട്ടറി വിശദമായ പരിശോധന നടത്തേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനു റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നെൽക്കൃഷിവികസനം - നിർവ്വഹണത്തിലെ അപാകതകൾ

പാടശേഖരസമിതികൾ മുഖേന നെൽക്കൃഷിക്ക് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 807500 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. നെടുമ്പ്രയാർ, കുടുന്ത, വെട്ടോലിൽ കിഴക്കുകര എന്നീ പാടശേഖരങ്ങളിലെ കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പദ്ധതിപ്രകാരം ചുവടെ പറയുന്ന ഇനങ്ങൾ KAICO യിൽ നിന്ന് വാങ്ങി പാടശേഖരസമിതികൾ മുഖേന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | വാങ്ങിയ അളവ് | നിരക്ക് (നികുതികൾ ഇല്ലാതെ) | വാങ്ങിയ ഇനത്തിൽ ചെലവ് (നികുതികൾ ഉൾപ്പെടെ) |
|---|---|---|---|---|
| 1 | കുമ്മായം | 8037.75 Kg | 13.33 | 637500 |
| 2 | ജൈവവളം | 25000 Kg | 19.048 | |
| 3 | സ്യൂഡോമോണസ് | 50 ലിറ്റർ | 446.43 | |
| 4 | നെൽവിത്ത് | 4250 Kg | 40 | 170000 |
| **ആകെ** | | | | **807500** |

KAICO യ്ക്ക് തുക നൽകിയ ഇനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ/ ബിൽ നമ്പർ/<br><br>തീയതി | ചെലവ് |
|---|---|---|
| 1 | 3 /17-18 /27-10-17 | 648125 |
| 2 | 0334897 / 28-10-17 | 159375 |
| **ആകെ** | | **807500** |

മേൽസൂചിപ്പിച്ച ഭൂവിസ്തൃതിയിൽ മൂന്ന് പാടശേഖരങ്ങളിലും നെൽക്കൃഷി ചെയ്തതായി സാക്ഷ്യപ്പെടുത്തി മോണിട്ടറിംഗ് സമിതി റിപ്പോർട്ട് (ഓരോ കർഷകനും കൃഷി ചെയ്ത ഭൂവിസ്തൃതിയുടെ വിവരം, ഉത്പാദിപ്പിച്ച നെല്ലിന്റെ അളവ്) ലഭ്യമാക്കിയില്ല. കൃഷി ചെയ്തത് കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ടും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽസൂചിപ്പിച്ച രേഖകൾ ലഭ്യമാക്കേണ്ടതും പദ്ധതിനിർവ്വഹണത്തിലുണ്ടായ ഈ അപാകത നടപ്പുവർഷം മുതൽ ഒഴിവാക്കേണ്ടതുമാണ്.

## 3-2 നെൽക്കൃഷിക്ക് കൂലിച്ചെലവ് - തുകയുടെ കൈപ്പറ്റുരേഖകൾ പൂർണ്ണമല്ല

നെൽക്കൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ കർഷകർക്ക് സബ്സിഡി നൽകുന്നതിനായി കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 250000 രൂപ അടങ്കൽ വകയിരുത്തി തൻവർഷം പദ്ധതി (SO194/18) ആവിഷ്ക്കരിച്ചിരുന്നു. കർഷകർക്ക് തുക കൈമാറുന്നതിനായി പാടശേഖരസമിതികളുടെ സെക്രട്ടറിമാരുടെ അക്കൗണ്ടുകളിലേക്ക് ചുവടെ പറയുന്നപ്രകാരം തുക ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ചെക്ക് നമ്പർ/ ബിൽ | ചെലവ് | പാടശേഖര സമിതിയുടെ പേര് | സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് |
|---|---|---|---|---|

| | നമ്പർ/ തീയതി | | | ട്രാൻസ്ഫർ ചെയ്ത തുക |
|---|---|---|---|---|
| 1 | 5/17-18/20-3-18 | 37500 | നെടുമ്പ്രയാർ | 18750 |
| | | | വെട്ടോലിൽ | 10500 |
| | | | കുടുന്ത | 8250 |
| 2 | 3176966/20-3-18 | 212500 | നെടുമ്പ്രയാർ | 106250 |
| | | | വെട്ടോലിൽ | 59500 |
| | | | കുടുന്ത | 46750 |

പാടശേഖരസമിതികളുടെ സെക്രട്ടറിമാർ തുക കർഷകരുടെ അക്കൗണ്ടുകളിലേക്ക് മാറി നൽകിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. ഇക്കാര്യം അറിയിച്ച് 24.1.19 ലെ 10 - ാം നമ്പരായി ഓഡിറ്റ് എൻകയറി നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 250000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-3 വെള്ളക്കരം കുടിശ്ശിക- തെറ്റായ കണക്ക്- പിന്തുടരുന്നു- ഫണ്ട് നഷ്ടം

പൊതുടാപ്പുകളുടെ വാട്ടർചാർജ് ഇനത്തിൽ ഭീമമായ കുടിശ്ശിക ആണ് ഗ്രാമപ്പഞ്ചായത്തിനുള്ളത്.

30-11-18 വരെ ഈ ഇനത്തിൽ 6744010 രൂപ കുടിശ്ശികയുണ്ട്. 2018-19 വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും 1025914 രൂപയും ജനറൽപർപ്പസ് ഫണ്ടിന്റെ 9,10 ഗഡുക്കളിൽ നിന്നും യഥാക്രമം 256479 രൂപയും 51296 രൂപയും ചേർത്ത് ആകെ 1333689 രൂപ വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ കുറവ് ചെയ്തിട്ടുണ്ട് ( 29-11-18 ലെയും 7-12-18 ലെയും ഉത്തരവുകൾ). എന്നാൽ ടി തുക 12/2018 ലെയും 1/2019 ലെയും ബില്ലുകളിൽ നിന്നും കുറവ് ചെയ്യാതെ തെറ്റായ കണക്കുകളെ അടിസ്ഥാനമാക്കിയാണ് വാട്ടർ അതോറിറ്റി ഇപ്പോഴും കുടിശ്ശിക ഡിമാന്റ് ചെയ്തിട്ടുള്ളത്. മേൽസൂചിപ്പിച്ച പ്രകാരം ഒടുക്കിയ തുക കുടിശ്ശികയിൽ നിന്നും കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വാട്ടർ ചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റി കണക്കാക്കിയ ഭീമമായ കുടിശ്ശിക സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്തും പ്രസ്തുത സ്ഥാപനവുമായുള്ള തർക്കം പരിഹരിക്കേണ്ടതാണെന്ന് മുൻവർഷത്തെ ഓഡിറ്റ്

റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നതിൻമേൽ ഫലപ്രദമായ തുടർനടപടി സ്വീകരിക്കാഞ്ഞത് പഞ്ചായത്തധികൃതരുടെ ഭാഗത്തുള്ള ഗുരുതരമായ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽപ്പെട്ട് പഞ്ചായത്തോഫീസിലെ രേഖകളെല്ലാം നശിച്ചുപോയതിനാൽ ഈ വിഷയം സംബന്ധിച്ച് കണക്കുകളൊന്നും ലഭ്യമല്ലാത്ത സ്ഥിതിയാണ്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടും, 'സുലേഖ', 'സാംഖ്യ' സോഫ്റ്റ് വെയർ മുഖേനയും ഈയിനത്തിൽ ഉള്ള കണക്കുകൾ പുന:ക്രമീകരിക്കേണ്ടതാണ്. പലിശ ഇനത്തിലുള്ള ഭീമമായ തുകയിൽ ഇളവ് ലഭ്യമാക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ അദ്ധ്യക്ഷനായുള്ള സമിതി മുഖേന ബാദ്ധ്യത തീർപ്പാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

*എ) <u>സാന്ത്വന പരിചരണം-വാഹനവാടകയിനത്തിൽ അധികം തുക ചെലവഴിച്ചു</u>*

2017-18 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും 416000രൂപ വകയിരുത്തി സാന്ത്വന പരിചരണത്തിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ഹോംകെയർ സന്ദർശനത്തിനുവേണ്ടി വാഹന വാടകയിനത്തിൽ പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടിയ നിരക്കിൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

29.10.2015ലെ 3217/2015/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടക (ഹോം കെയർ ആരംഭിക്കുന്നതുമുതൽ അവസാനിക്കുന്നതുവരെയുള്ള ഒരു ദിവസത്തേക്ക്) താഴെകൊടുക്കുന്നു.

| ഓടുന്ന ദൂരം up&down | 15-24 | 25-34 | 35-44 | 45ൽ കൂടുതൽ |
|---|---|---|---|---|
| പരമാവധി തുക | 800 | 900 | 1000 | 1100 |

എന്നാൽ 2017-18 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായുള്ള ഹോംകെയർ സന്ദർശനത്തിനുവേണ്ടി വാഹനം എല്ലാ ദിവസവും 25കി.മി താഴെ ദൂരം മാത്രമെ ഓടിയിട്ടുള്ളൂയെന്ന് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ള ഫയലിൽ സൂക്ഷിച്ചിട്ടുള്ള ട്രിപ്പ് ഷീറ്റിൽ നിന്നും വ്യക്തമാണ്. ആയതിനാൽ പ്രതിദിനം 800രൂപ നിരക്കിൽ മാത്രമെ വാഹന വാടക അനുവദിക്കാമായിരുന്നുള്ളു. എന്നാൽ 1000രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽനം/ തീയതി | അനുവദിച്ച തുക (@1000രൂപ) | അനുവദനീയമായ പരമാവധി തുക (@800രൂപ) | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 01/17-18/16.08.17 | 64000 | 51200 | 12800 |
| 2 | 02/17-18/28.09.17 | 16000 | 12800 | 3200 |
| 3 | 03/17-18/24.10.17 | 16000 | 12800 | 3200 |
| 4 | 05/17-18/26.12.17 | 32000 | 25600 | 6400 |
| 5 | 08/17-18/23.02.18 | 16000 | 12800 | 3200 |
| 6 | 09/17-18/23.02.18 | 16000 | 12800 | 3200 |
| 7 | 11/17-18/21.03.18 | 16000 | 12800 | 3200 |
| 8 | 12/17-18/28.03.18 | 16000 | 12800 | 3200 |
| ആകെ | | 192000 | 153600 | 38400 |

അനുവദനീയ നിരക്കിൽ അധികമായി തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.07/23.01.19) വാഹന കട്ടേഷൻ ക്ഷണിച്ച സമയത്ത് ലഭിച്ച കുറഞ്ഞ

നിരക്ക് 1000രൂപ ആയതിനാലാണ് ഈ നിരക്കിൽ തുക അനുവദിച്ചതെന്നും വെയിറ്റിംഗ് ചാർജ് ഉൾപ്പെടെയാണ് തുക നൽകിയത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ നിരക്ക് കൂടി ഉൾപ്പെടുത്തി ക്വട്ടേഷൻ ക്ഷണിക്കാത്തതു മൂലമാണ് ഈ ഇനത്തിൽ 38400രൂപ അധികം തുക ചെലവഴിക്കേണ്ടി വന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പരിഗണിച്ച് തൻവർഷം തുക അധികം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നു. സർക്കാർ നിർദ്ദേശപ്രകാരം അനുവദനീയ പരിധിയിൽ ചെലവ് നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

*ബി) <u>പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല</u>*

2017-18 സാമ്പത്തികവർഷം പി.എച്ച്.സി ക്ക് മരുന്ന് വാങ്ങുന്നതിനായി 150000രൂപ (ബിൽ നം. 4/18/24.10.17 75000/- രൂപ; 6/18/26.12.17 75000/- രൂപ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. 1,24,201രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളു. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭിക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 അഗതിരഹിതകേരളം - അന്തിമ ഗുണഭോക്തൃ പട്ടിക നാളിതുവരെ തയ്യാറാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളേയും, നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളേയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായാണ് ആഗതിരഹിത കേരളം പദ്ധതി ആവിഷ്ക്കരിച്ചത്. പദ്ധതി അന്തിമമായി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട്, 05.12.17-ന് കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കണമെന്നും 21.12.17-ന് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കണമെന്നും 26.12.17 മുതൽ 25.01.18 വരെയുള്ള കാലയളവിൽ പദ്ധതിരേഖ തയ്യാറാക്കി, കമ്മിറ്റിയുടെ അംഗീകാരം വാങ്ങി 31.01.2018-ന് മുൻപ് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് ഓൺ ലൈനായി സമർപ്പിക്കണമെന്നുമാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. എന്നാൽ നാളിതുവരെ അന്തിമ ഗുണഭോക്തൃ പട്ടിക പോലും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി, അഗതിരഹിതകേരളം പദ്ധതിയ്ക്ക് അംഗീകാരം വാങ്ങുന്നതിന് സി.ഡി.എസിന്റെയും, പഞ്ചായത്ത് ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## 3-6 നിർവ്വഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിൽ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും റ്റി.ആർ 7എ മാതൃകയിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽനിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16-ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഡെയറി ഫാം ഇൻസ്ട്രക്ടർ എന്നിവർ നിശ്ചിത മാതൃകയിൽ ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 3-7 ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കിയില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തുള്ള ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും, ഇപ്രകാരം ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള ഒരു രജിസ്റ്റർ എല്ലാ ഗ്രാമപ്പഞ്ചായത്തുകളിലും സൂക്ഷിക്കേണ്ടതാണെന്നും, ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിലെ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണെന്നും, സർക്കാർ ഉത്തരവ് (സാധാ.)നം.2465/2016ത.സ്വ.ഭ.വ തീയതി17.08.2016പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർവ്വേ മാത്രമേ നടന്നിട്ടുള്ളൂ. രജിസ്റ്റർ തയ്യാറാക്കാൻ നാളിതുവരെയും നടപടി സ്വീകരിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കിയതിനുശേഷം ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നൽകണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-8 പാലിന് സബ്സിഡി - സബ്സിഡിത്തുക ക്ഷീരസംഘങ്ങൾക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ചതിനുശേഷം ഗുണഭോക്താക്കൾക്കുള്ള സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി സംബന്ധിച്ച സബ്സിഡി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്.) നം.80/2017/തസ്വഭവ,

തീ.03.04.2017] ഖണ്ഡിക നം.2.2.8 നിഷ്കർഷിക്കുന്നു. എന്നാൽ 2017-18 വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ SO109/2018എന്ന പ്രോജക്ട് പ്രകാരം, കാലിത്തീറ്റയ്ക്കുള്ള സബ്സിഡിത്തുകയായ 500000 രൂപ, ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനുപകരം ഏഴ് ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ക്ഷീരസംഘത്തിന്റെ പേര്** | **കൈമാറിയ തുക** |
|---|---|---|
| 1. | തോട്ടപ്പുഴശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം നം.106D APCOS | 109854 |
| 2. | നെടുമ്പ്രയാർ ക്ഷീരോല്പാദക സഹകരണ സംഘം നം.PT 369D | 204578 |
| 3. | ചരൽക്കുന്ന് ക്ഷീരോല്പാദക സഹകരണ സംഘം നം.PT 35D APCOS | 69276 |
| 4. | തടിയൂർ ക്ഷീരോല്പാദക സഹകരണ സംഘം നം.24D APCOS | 56208 |
| 5. | എടയ്ക്കാട് ക്ഷീരോല്പാദക സഹകരണ സംഘം നം.PT 21D APCOS | 40315 |
| 6. | പുല്ലാട് ക്ഷീരോല്പാദക സഹകരണ സംഘം | 15735 |

| | | |
|---|---|---|
| | നം.PT 35D APCOS | |
| 7. | കൈതക്കോടി ക്ഷീരോല്പാദക സഹകരണ സംഘം നം.PT 124D APCOS | 4034 |
| | **ആകെ** | **500000** |

പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ബാങ്ക് അക്കൗണ്ടുവഴിയുള്ള സബ്സിഡി വിതരണത്തിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. മേൽപ്പറഞ്ഞ ക്ഷീരസംഘങ്ങൾക്ക് നൽകിയ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-9 തൊഴിലുറപ്പു പദ്ധതിയിൽ കിണർ റീചാർജ്ജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതിയുടെ മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) നം.215/2017തീയതി 03.11.2017] പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ എല്ലാ കിണറുകളിലും റീചാർജ്ജിംഗ് ഏർപ്പെടുത്തണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം നാളിതുവരെ പ്രവൃത്തികൾ ഏറ്റെടുത്തില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിണർ റീചാർജിംഗ് വളരെ ഫലപ്രദമാണ് എന്നിരിക്കെ, ഇതിനായി പര്യാപ്തമാംവണ്ണം പ്രവൃത്തികൾ തൊഴിലുറപ്പ് / കാർഷിക പദ്ധതികൾ മുഖേന ഏറ്റെടുക്കാത്തത് ഗുരുതരമായ അനാസ്ഥയാണ്. കിണർ റീചാർജിംഗ് പ്രവൃത്തികൾ വ്യാപകമായി ഏറ്റെടുത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും



# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും



## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | | 0 |
| | 66000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 66000 | 0 |
| | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| **ആകെ** | **366000** | | **366000** | **0** |
| ജില്ലാ പഞ്ചായത്ത് | 212500 | നെൽകൃഷിയ്ക്ക് കൂലിച്ചെലവ് | 212500 | 0 |
| | 100000 | അംഗൻവാടി അനുപൂരക പോഷഹാകാര വിതരണം | 100000 | 0 |
| | 100000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | |
| | 2200000 | ആധുനിക വാതക ശ്മശാന കെട്ടിട നിർമ്മാണം | 0 | 2200000 |

| | | | | |
|---|---|---|---|---|
| | 1800000 | ആധുനിക വാതക ശ്മശാന ഫർണസ് നിർമ്മാണം | 0 | 1800000 |
| | 1000000 | കാർഷിക വിപണനകേന്ദ്രം കെട്ടിട നിർമ്മാണം | 0 | 1000000 |
| | 1100000 | പ്രമാടത്തുപാറ പട്ടികജാതി കോളനിയിൽ കുടിവെള്ള കണക്ഷൻ | 1068000 | 32000 |
| **ആകെ** | **6512500** | | **1480500** | **5032000** |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| **നിർവ്വഹണ ഏജൻസി** | **പ്രവൃത്തിയുടെ പേര്** | **തുക** | **ചെലവഴിച്ച തുക** | **പൂർത്തീകരിച്ച വിവരം** |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | 85 ാം നമ്പർ അങ്കണവാടിയ്ക്ക് വാട്ടർ കണക്ഷൻ & ടാങ്ക് | 40000 | 0 | ലഭ്യമല്ല |
| കെ. എസ്.ഇ.ബി | തെരുവു വിളക്കുകൾക്കു മീറ്റർ സ്ഥാപിക്കൽ- ഇൻസ്റ്റലേഷൻ ചാർജ്ജ് | 104598 | 0 | ലഭ്യമല്ല |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 99923 | 0 | ലഭ്യമല്ല |
| **ആകെ** | | **244521** | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

**ഇല്ല**

## 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

**ഇല്ല**

**(ii) വായ്പ തിരിച്ചടവിന്റെ വിവരം**

**ഇല്ല**

## 4-5 സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല**

## 4-6 ഓഡിറ്റ് റിക്കവറി

**ഇല്ല**

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | **വർഷം** | | | |
| 2012-13 | -- | -- | 3.4.5 | തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച്. | ഖണ്ഡികകൾ നിലനിൽക്കുന്നു. |
| | -- | -- | 2.4 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം. | |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br><br>(മുന്നിരുപ്പ് ഉൾപ്പെടെ) | 54210844 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49343927 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 250000 |

**ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-2 | 250000 | ശ്രീമതി ജയശ്രീ ഭാസ്കർ, കൃഷി ഓഫീസർ |

**സി) <u>കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജയശ്രീ ഭാസ്ക്കർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് | ഉഴുതുവല ഹൗസ്, വളഞ്ഞവട്ടം പി.ഒ, തിരുവല്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി7/260/09തീയതി 24.9.09/27.7.10 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി5/302/11തീയതി 3.6.11/13.9.12 | 4 |
| 2011-12<br>2012-13 | എൽ.എഫ്.പി.റ്റി.എ.പി8/684/14തീയതി 19.11.14/12.1.15 | 3-11,3-12 |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി8/325/15 തീയതി 17.6.15/16.7.15 | 3-3,3-4,3-6,3-7,3-8,3-14 |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി8/733/16 തീയതി 8.7.16 | 2-1,2-2,2-3,3-1,3-3,3-7,3-8,3-9,3-10,3-12,3-14 |

| | | |
|---|---|---|
| 2015-16 | കെഎസ്എ.പിറ്റിഎ.പി8/1208/16 തീയതി 18.11.16 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെഎസ്എ.പിറ്റിഎ.പി8/975/17 തീയതി 30.08.2017 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഹബീബ് മുഹമ്മദ്,**
**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# ANNEXURE - I
# AUDIT CERTIFICATE

No.KSA.PTA.P8/84/2019 Dated: 08/02/2019

Certified that I have examined the Annual Financial Statement of **Thottappuzhassery Grama Panchayat** in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Thottappuzhassery Grama Panchayat** for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

**HABEEB MUHAMMED**

**Deputy Director (H.G.)**

**Kerala State Audit Department**

**Pathanamthitta**

# അനുബന്ധം-1
# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി8/84/2019 തീയതി: 08/02/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ** 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഹബീബ് മുഹമ്മദ്,**

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# അനുബന്ധം - 2
# തോട്ടപ്പുഴശ്ശേരി ഗ്രാമപ്പഞ്ചായത്ത് - പ്രളയം മൂലം നഷ്ടപ്പെട്ടതിനാൽ ലഭ്യമാക്കാതിരുന്ന രേഖകളുടെ സംക്ഷിപ്ത വിവരം

| ക്രമ നം. | ഓഫീസിന്റെ/ നിർവ്വഹണ | നശിച്ചുപോയതും ലഭ്യമാക്കാത്തതുമായ |
|---|---|---|

| | ഉദ്യോഗസ്ഥന്റെ പേര് | രേഖകളുടെ വിവരം |
|---|---|---|
| 1 | തോട്ടപ്പുഴശ്ശേരി ഗ്രാമപ്പഞ്ചായത്ത് | 14.08.2018 വരെ ഉപയോഗിച്ച രസീത് ബുക്ക്, ഉപയോഗിക്കാത്ത രസീത് ബുക്ക്, 14.08.2018 വരെയുള്ള ഡേ ബുക്ക്, 14.08.2018 വരെയുള്ള വൗച്ചറുകൾ, ബില്ല് രജിസ്റ്റർ, ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ, ചെക്ക് ബുക്ക്, പാസ്ബുക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബഡ്ജറ്റ്, സ്റ്റാന്റിംഗ് കമ്മിറ്റി. മിനിട്ട്സ് ബുക്ക്, അറ്റന്റൻസ് രജിസ്റ്റർ, നോട്ടീസ് ബുക്ക്, റസിഡൻഷ്യൽ ഓണർഷിപ്പ് അപേക്ഷ ഫോം, അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ, ഡി ആന്റ് ഒ ലൈസൻസ് അപേക്ഷ ഫോമുകളും രജിസ്റ്ററുകളും, ട്രേഡേഴ്സ് |

| | | | | |
|---|---|---|---|---|
| | | | ലിസ്റ്റ്, പെർമിറ്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ്, നമ്പറിംഗ്, ഉടമസ്ഥാവകാശം മാറ്റൽ- അപേക്ഷ ഫോമുകൾ, എല്ലാ ജീവനക്കാരുടെയും സർവ്വീസ് ബുക്ക്, മെമ്പർമാരുടെ അക്വിറ്റൻസ് രജിസ്റ്റർ, ഓഫീസ് കളക്ഷൻ രജിസ്റ്റർ, ജീവനക്കാരുടെ അക്വിറ്റൻസ്, ജനറൽ കമ്മിറ്റി/സ്റ്റാന്റിംഗ് കമ്മറ്റി- മിനിട്ട്സ് ബുക്ക്, അറ്റന്റൻസ് രജിസ്റ്റർ, നോട്ടീസ് ബുക്ക്, ഓഡിറ്റുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും, സ്റ്റോക്ക് രജിസ്റ്റർ, രസീതു ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ, വാഹനവുമായി ബന്ധപ്പെട്ട ഫയലുകൾ, ലോഗ് ബുക്ക്, ഇൻക്യുംബെൻസി രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, വിവിധ കേസുകളുമായി ബന്ധപ്പെട്ട ഫയലുകൾ, ഗ്രാമസഭ മിനിട്ട്സ് ബുക്ക്, അറ്റന്റൻസ് ബുക്ക്, | |

| | | |
|---|---|---|
| | | സെക്രട്ടറിയുടേയും അസ്സി.സെക്രട്ടറിയുടേയും പ്രോജക്ട് ഫയലുകൾ, പ്രൊക്യുർമെന്റ് കമ്മിറ്റി രജിസ്റ്റർ, ഇ.എം.ഡി ആപ്ലിക്കേഷൻ, എഫ്.ഡി.സർട്ടിഫിക്കറ്റ്, ഭിന്നശേഷിക്കാരുടെ ഗ്രാമസഭ രജിസ്റ്റർ, ഡെപ്പോസിറ്റ് വർക്ക് രജിസ്റ്റർ, മോണിട്ടറിംഗ് സമിതി മിനിട്ട്സ്, സ്റ്റോക്ക് രജിസ്റ്റർ-പ്ലാൻ, ഇ.എം.എസ് ഭവന പദ്ധതി സംബന്ധിച്ച രജിസ്റ്റർ, പാസ്സ്ബുക്ക്, ഫയൽ, തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ ഫോമുകൾ , വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകളും രജിസ്റ്ററുകളും |
| 2 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് | പ്രവൃത്തികളുടെ ഫയലുകൾ (എം.ബുക്ക് ഉൾപ്പെടെ), ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ |
| 3 | വി.ഇ.ഒ | അക്വിറ്റൻസ് രജിസ്റ്റർ, പ്രോജക്ട് ഫയലുകൾ, ഗുണഭോക്താക്കളുടെ |

| | | |
|---|---|---|
| | | എഗ്രിമെന്റ്, അനുബന്ധ രേഖകൾ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ഓഫീസ് | പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും |

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട